# കേരള സർക്കാർ

# സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പറവൂർ ബ്ലോക്ക് പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം

e-mail:doekm.ksad@kerala.gov.in

.

*(രജിസ്റ്റർ ചെയ്തു കൈപ്പറ്റ ചീട്ടു സഹിതം)*

നം.കെ.എസ്.എ/ഇ.കെ.എം.(ബിപി)1688/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം
ഫോൺ - 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി :16.11.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറവൂർബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം :- പറവൂർ ബ്ലോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.**

.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്</u> :

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, എറണാകുളം.
3.കാര്യാലയ പകർപ്പ്

കെ.എസ്.എ.ഇ.കെ.എം.(ബി.പി.)1688/2019 തീയതി: 16.11.2019

## <u>എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )*

എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2018 മുതൽ 31.3.2019 വരെ വിവിധയിനങ്ങളിലായി നടത്തിയ പണം പിരിവ്

അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ.ജി.,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07.08.19 മുതൽ 14.08.19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ.എ.മൈക്കിൾ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ.സജീവ് എൻ.എം.,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ടിനു കെ.ജെ., ഓഡിറ്റർ |

**<u>(ബി)നിർവ്വഹണാധികാരികൾ</u>**

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ.അഡ്വ.യേശുദാസ് പറപ്പിള്ളി | 01.04.2018 | 31.03.2019 |

| | | | |
|---|---|---|---|
| വൈസ് പ്രസിഡന്റ് | ശ്രീമതി രമ ശിവശങ്കരൻ | 01.04.2018 | 31.03.2019 |
| സെക്രട്ടറി | ശ്രീ. കമലാകാന്ത പൈ | 01.04.2018 | 31.10.2018 |
| | ശ്രീമതി. ശ്രീദേവി കെ. നമ്പൂതിരി | 01.11.2018 | 11.11.2018 |
| | ശ്രീമതി. ശ്രീദേവി കെ.ജി | 12.11.2018 | 31.03.2019 |

**<u>സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ്</u>**

| | | | |
|---|---|---|---|
| വികസന കാര്യം | ശ്രീമതി. ഷൈജ ടീച്ചർ | 01.04.18 | 31.03.2019 |
| ക്ഷേമകാര്യം | ശ്രീമതി.രശ്മിആസാദ് | 01.04.18 | 31.03.2019 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീ. സുധീർ.ടി.ഡി | 01.04.18 | 31.03.2019 |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | ശ്രീമതി. സോഫീയ.എ.എ. | 01.04.2018മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ, ഏഴിക്കര സി.എച്ച്,സി | ഡോ.വിനോദ് പൗലോസ് | 01.04.2018മുതൽ 31.03.2019വരെ |
| ശിശുവികസന പ്രോജക്ട് ഓഫീസർ | ശ്രീമതി സുഷമ പി.എസ്. | 01.04.2018മുതൽ 01.11.2018വരെ |
| | ശ്രീമതി കെ.ജി.ശ്രീമതി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ (അധിക ചുമതല) | 02.11.2018മുതൽ 01.01.2019 FNവരെ |

| | | |
|---|---|---|
| | ശ്രീമതി സുഷമ പി.എസ്., | 01.01.2019 AN മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി സ്മിത കെ.വി. | 01.04.2018മുതൽ 13.07.2018 FN വരെ |
| | ശ്രീമതി. പ്രീതി സി.ഡി. | 13.07.2018 ANമുതൽ 31.03.2019 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി .സലിത | 01.04.2018 മുതൽ 31.03.2019വരെ |
| ഡയറിഎക്സ്റ്റൻഷൻ ഓഫീസർ. | ശ്രീ.സ്വാമിനാഥൻ വി.വി. | 01.04.2018മുതൽ 31.12.2018വരെ |
| | ശ്രീ. രതീഷ് ബാബു സി.എസ് | 01.01.2019 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി മഞ്ജു പി .വാസു | 01.04.2018മുതൽ 31.03.2019വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ.തരുൺ കുമാർ വി.ആർ. | 01.04.2018മുതൽ 31.03.2019വരെ |

**ഉള്ളടക്കം**



| | **ഭാഗം - 1**<br>**പൊതു അവലോകനം** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1–2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1–3 |
| 4 | സാമ്പത്തിക വിശകലനം | 1–4 |
| 5 | ഫണ്ട് വിനിയോഗം | 1–5 |
| 6 | പദ്ധതി അവലോകനം | 1–6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1–7 |
| 8 | ക്ഷേമ പദ്ധതികൾ | 1–8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1–9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1–10 |
| 11 | അഭ്യന്തര നിയന്ത്രണം | 1–11 |
| 12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1–12 |
| | **ഭാഗം – 2**<br>**<u>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>**<br>**ഇല്ല** | |
| | **ഭാഗം–3**<br>**<u>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>** | |
| 12 | മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹിച്ച പ്രൊജക്ടിലെ അപാകതകൾ | 3–1 |

| | | |
|---|---|---|
| 13 | പി.എം.എ.വൈ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-2 |
| 14 | സാമൂഹ്യാരോഗ്യകേന്ദ്രം പുനരുദ്ധാരണം -പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രവൃത്തി നടപ്പാക്കി-ചെലവ് തടസ്സപ്പെടുത്തുന്നു | 3-3 |
| 15 | പദ്ധതി രൂപീകരണം പ്രോജക്റ്റ് -അപാകതകൾ | 3-4 |
| 16 | വനിതാ കാന്റീനിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങൽ അപാകതകൾ | 3-5 |
| 17 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. | 3-6 |
| 18 | പൊക്കാളി കൃഷി-അവലോകനം | 3-7 |
| | **ഭാഗം - 4** | |
| 19 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 20 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 22 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 23 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 24 | ഓഡിറ്റ് റിക്കവറി | 4-6 |
| 25 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |

| | | |
|---|---|---|
| 26 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 29 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2018-19 | അനുബന്ധം.1 |
| 30 | ഇൻകം &എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്- | അനുബന്ധം.2 |
| 31 | റസീപ്റ്റ് & പേമെന്റ്സ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 32 | ബാലൻസ് ഷീറ്റ് | അനുബന്ധം.4 |



# ഭാഗം -1

## പൊതു അവലോകനം

പൊതു അവലോകനം

### 1-1 ബജറ്റ്

14.3.2018 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 03.05.2019 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരി ശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 07.08.2019 & 08.08.2019 | കെ.എസ്.എ-ഇ.കെ.എം (പിജി) 1368/ (9) 2019 തീ. 24. 08. 2019 |

## 1–4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9149424 |
| വരവ് | 56251967 |
| ആകെ | 65401391 |
| ചെലവ് | 58948493 |
| നീക്കിയിരിപ്പ് | 6452898 |

## 1–5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (എസിആർ പ്രകാരം) | ആകെ | ചെലവ് | ചെലവ് ശതമാനം | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് | 00 | 29772000 | 29772000 | 29772000 | 100 | 00 |
| എസ്.സി.പി | 00 | 12360000 | 12360000 | 12360000 | 100 | 00 |
| ടി.എസ്.പി | 00 | 615000 | 615000 | 615000 | 100 | 00 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 00 | 3531000 | 3531000 | 3531000 | 100 | 00 |
| സാനിറ്റേഷൻ | 2251086 | 101192 | 2352278 | 61697 | 3 | 2290581 |
| എം.കെ.എസ്.പി | 5046 | 33851 | 38897 | 38750 | 99 | 147 |
| സാക്ഷരത | 5231 | 189 | 5420 | 0 | -- | 5420 |
| ഐ.എ.വൈ (അഡ്മിൻ) | 333 | 18 | 351 | 0 | -- | 351 |
| ഇ.എം.എസ് ഹൗസിംഗ് | 900 | 0 | 900 | 0 | -- | 900 |
| ഐ.എ.വൈ 2 | 6372736 | 3283913 | 9656649 | 7205466 | 74 | 2451183 |

| | | | | | | |
|---|---|---|---|---|---|---|
| സംയുക്ത പദ്ധതി | 99900 | 1592800 | 1692700 | 1692700 | 100 | 0 |
| STSB14/16 RIDF | 10 | 90 | 100 | 0 | -- | 100 |
| തനത് ഫണ്ട് | 414182 | 5860855 | 6275037 | 4570821 | 73 | 1704216 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 69 | 69308181 | 54 | 48740195 | 15 | 0 | 78.26 |

## 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.08.2019ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം കളക്ഷനില്ലായെന്ന് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.05.2019 മുതൽ 13.05.2019 വരെ | 2018 -2019 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ് | 20.03.2018 മുതൽ 27.03.2018 വരെ | 2012-13 മുതൽ 2014-15 വരെ | |

## 1-11 അഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ഇൻകൃംബെൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ജനറൽ മിനിറ്റ്സ്, സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണം നടത്തിയ ആശുപത്രിയിലേക്ക് ലബോറട്ടറി ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം തുക ചെലവഴിച്ചുവെങ്കിലും ആവശ്യമായ ഉപകരണങ്ങൾ സമയബന്ധിതമായി ലഭിച്ചില്ല. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ബ്ലോക്കിൽ ഇലക്ട്രിഫിക്കേഷൻ വർക്ക് നടപ്പിലാക്കിട്ടുണ്ട്. പദ്ധതി രൂപീകരണ പദ്ധതിയിലെ അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠന മുറി പ്രോജക്ട് പൂർത്തീകരിക്കേണ്ടതാണ്.

## 1-12 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

അനുബന്ധമായി ചേർത്തിട്ടുണ്ട്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം –3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹിച്ച പ്രൊജക്ടിലെ അപാകതകൾ

പറവൂർ ബ്ലോക്ക് പഞ്ചായത്തിൽ 2018-19 വർഷം മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലെ ചില അപാകതകൾ താഴെ ചേർക്കുന്നു.

(1) അലോപ്പതി ആശുപത്രികളിലേക്ക് ലബോറട്ടറി ഉപകരണങ്ങൾ വാങ്ങൽ

| | |
|---|---|
| പ്രൊജക്ട് നം. | എസ്. 017/19 |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട്- റോഡിതരം |
| അടങ്കൽ | രൂ.400000/- |
| ചെലവ് | രൂ.264662/- |

(എ)പദ്ധതിയിൽ ഉൾപ്പെട്ട centrifuge-16 wells, incubator lab എന്നിവ വാങ്ങാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡിന് 08/03/19 ൽ ട്രഷറി ബിൽ നം.18/2018-19 പ്രകാരം 53786 രൂപ നൽകിയിട്ടുണ്ട്. 21/01/19 ലെ പ്രൊഫോർമ ഇൻവോയ്സ് നം 209/2018-19 പ്രകാരം 6 ആഴ്ചക്കുള്ളിൽ ഉപകരണങ്ങൾ നൽകുമെന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡ് അറിയിച്ചിരുന്നെങ്കിലും അവ ലഭ്യമായിട്ടില്ല. ഈ ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

(ബി) ലബോറട്ടറി ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡ് മുഖേന റേറ്റ് കോൺട്രാക്ടിലൂടെ Labx കുമാരപുരം, മെഡിക്കൽ കോളേജ്.പി.ഒ., തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. 08/03/19 ൽ 19/2018-1 9 നം ട്രഷറി ബിൽ പ്രകാരം 205537 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ Labx കുമാരപുരം നൽകിയ ബിൽ നം. TB/1614 തീ.05/07/19 പ്രകാരം ടി ഉപകരണങ്ങളുടെ വില 169920 ആണ്. കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡുമായി റേറ്റ് കോൺട്രാക്ടിൽ ഉള്ള Labx കുമാരപുരം എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് ഈ ഉപകരണങ്ങൾ വാങ്ങിയിരുന്നെങ്കിൽ 35617 രൂപയുടെ അധികചെലവ് ഒഴിവാക്കാമായിരുന്നു. മാത്രമല്ല തുക സ്വീകരിച്ച കേരള മെഡിക്കൽ സർവ്വീസസ്

കോർപറേഷൻ ലിമിറ്റഡിന്റെ ബിൽ പരിശോധനക്ക് ലഭ്യമായിട്ടുമില്ല. ആയതിനാൽ അധികം നൽകിയ 35617 രൂപ തിരികെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(2)ആരോഗ്യസ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രൊജക്ട് | എസ്. 015/19 |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| അടങ്കൽ | രൂ.800000/- |
| ചെലവ് | രൂ. 684988/- |

പദ്ധതി പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡ് ന് 22/10/18 ൽ ബിൽ നം. 10/2018-19 പ്രകാരം 6,40,099/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല.

(3) പാലിയേറ്റീവ് കെയർ ബ്ലോക്ക് വിഹിതം

| | |
|---|---|
| പ്രൊജക്ട് നം | എസ്.013/19 |
| ഫണ്ടിനം | വികസന ഫണ്ട് (പൊതുവിഭാഗം) |
| അടങ്കൽ | രൂ.1000000/- |
| ചെലവ് | രൂ.1000000/- |

പദ്ധതി പ്രകാരം പറവൂർ ബ്ലോക്കിലെ 5 പഞ്ചായത്തുകളിലെ സി.എച്ച്.സി.കൾക്ക് 200000 രൂപ വീതം പദ്ധതി വിഹിതമായി നൽകിയിരുന്നു. മേൽ അപാകതകളുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (3 തീ. 14.08.2019) നൽകിയതിന് മറുപടി ലഭ്യമാക്കിയിരുന്നുവെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. എന്നാൽ വടക്കേക്കര, ചിറ്റാറ്റുകര, ചേന്ദമംഗലം, കോട്ടുവള്ളി എന്നീ പഞ്ചായത്തുകളിലെ സി.എച്ച്.സി.കളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.ആയതിനാൽ 800000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 പി.എം.എ.വൈ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പി.എം.എ.വൈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾ സ്ത്രീ കുടുംബനാഥയുടേയോ,അല്ലെങ്കിൽ പുരുഷ കുടുംബനാഥന്റേയും സ്ത്രീ കുടുംബനാഥയുടേയും പേരിലോ പ്രായപൂർത്തിയായ സ്ത്രീ കുടുംബാംഗം ഇല്ലെങ്കിൽ മാത്രം പുരുഷ കുടുംബനാഥന്റേയോ പേരിലായിരിക്കണം അനുവദിക്കേണ്ടത്. എന്നാൽ പറവൂർ ബ്ലോക്ക് പഞ്ചായത്തിൽ പ്രായ പൂർത്തിയായ സ്ത്രീ കുടുംബാംഗം ഉണ്ടായിരുന്നിട്ടും പുരുഷന്റെ പേരിലുള്ള വീടുകൾക്കായാണ് ആനുകൂല്യം നൽകിയിരിക്കുന്നത്.ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1.പ്രവീൺ,ഇടശ്ശേരി,കിഴക്കുംപുറം,ചേന്ദമംഗലം.

2.ഫ്രാൻസിസ്.ഒ.വി,ഒളാട്ടുപുറത്ത്,തുരുത്തിപ്പുറം.പി.ഒ.

3.ഹരിലാൽ.എൻ.എം,നികത്തിൽവീട്,പൂയ്യപ്പിള്ളി.

4.സുഭാഷൻ,എമ്പതിൽ,കൈതാരം.പി.ഒ,കൈതാരം സൌത്ത്,കോട്ടുവള്ളി.

മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-3 സാമൂഹ്യാരോഗ്യ കേന്ദ്രം പുനരുദ്ധാരണം - പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രവൃത്തി നടപ്പാക്കി-ചെലവ് തടസ്സപ്പെടുത്തുന്നു

ഏഴിക്കര സാമൂഹ്യാരോഗ്യ കേന്ദ്രത്തിന്റെ പുനരുദ്ധാരണത്തിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 17/2017 പ്രകാരം 700000 രൂപ അടങ്കലിൽ മെയിന്റനൻസ് - റോഡിതര ഫണ്ട് വിനിയോഗിച്ച് 2016-17ൽ പദ്ധതി തയ്യാറാക്കുകയും ആയത് തൻ വർഷം പൂർത്തീകരിക്കാൻ കഴിയാതിരുന്നതിനാൽ പ്രോജക്ട് നമ്പർ 41/2018 പ്രകാരം സ്പിൽ ഓവ്വ പ്രോജക്ടാക്കി 2017-18 വർഷം 492618/- രൂപ ചെലവഴിച്ച് ഭാഗികമായി നടപ്പാക്കുകയും ചെയ്തു. ഈ പദ്ധതിയുടെ അടങ്കലിൽ 93500/- രൂപയുടെ ഇലക്ട്രിഫിക്കേഷൻ വർക്ക് ഉൾപ്പെടുത്തിയിരുന്നു. ഇലക്ട്രിഫിക്കേഷനുവേണ്ടി പുതിയ പ്രോജക്ട് സെക്രട്ടറിയുടെ പേരിൽ ഏറ്റെടുക്കാൻ സാധ്യമല്ലാതെ വന്ന സാഹചര്യത്തിൽ ഈ പദ്ധതിയിൽ മിച്ചം വന്ന പണം ലാപ്സ് ആകാതിരിക്കാൻ സെക്രട്ടറി തന്നെ ഇലക്ട്രിഫിക്കേഷൻ വർക്ക് ടെണ്ടർ വിളിച്ച് നടപ്പാക്കുകയായിരുന്നു. അളവുപുസ്തകത്തിലെ രേഖപ്പെടുത്തലനുസരിച്ച് ഇലക്ട്രിഫിക്കേഷൻ വർക്ക് 2017-18 വർഷം തന്നെ 1,14,353/- രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്.

ഈ പ്രവൃത്തി ഏറ്റെടുത്തു നടപ്പാക്കിയ ശ്രീ. ഡിനു ഫ്രാൻസിസ്, ഡി.എഫ്.കെ. കൺസ്ട്രക്ഷൻസ്, കൈതാരത്തിന് തുക നൽകാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 09-03-18 ലെ യോഗവും പഞ്ചായത്ത് കമ്മിറ്റിയുടെ 12-03-2018 ലെ യോഗവും

തീരുമാനമെടുത്തിട്ടുണ്ട്. ഇതിൽ നിന്നും മനസ്സിലാകുന്നത് ഈ പ്രവൃത്തിയുടെ തുക നൽകുന്നതിന് മാത്രമാണ് 2018-19 ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 60/19 രൂപീകരിച്ചത് എന്നാണ്.

29-01-2018 ലെ സർക്കാർ ഉത്തരവ് (എം.എസ്.) 11/18/തസ്വഭവ നമ്പർ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയുടെ ഖണ്ഡിക നമ്പർ 10(5) പ്രകാരം, അംഗീകാരം ലഭിച്ച ഒരു പ്രോജക്ട് സ്പിൽ ഓവറായി അടുത്ത വർഷം തുടരുമ്പോൾ അതിന്റെ പ്രവർത്തനങ്ങളിലോ അടങ്കൽ തുകയിലോ ഭേദഗതി അനിവാര്യമാണെന്ന് കാണുകയാണെങ്കിൽ അത് ഭേദഗതി ചെയ്ത് ഭരണസമിതി അംഗീകരിച്ച ശേഷം ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസറുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം തേടേണ്ടതുമാണ്. ഇപ്രകാരം വാർഷിക പദ്ധതിയുടെ ഭാഗമാക്കി വെറ്റിംഗ് ഓഫീസറുടേയും തുടർന്ന് ജില്ലാ ആസൂത്രണ സമിതിയുടേയും അംഗീകാരം നേടിയതിന് ശേഷം മാത്രമേ തുടർന്ന് നിർവ്വഹണം നടത്താൻ പാടുള്ളൂ. എന്നാൽ മേൽ പ്രവൃത്തിയിൽ ഡി.പി.സി.അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ലഭ്യമല്ല. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്ക് വേണ്ടിയുള്ള ചെലവ് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ 114353/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 പദ്ധതി രൂപീകരണം-പ്രോജക്ട് അപാതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ,<br>പ്രോജക്ടിന്റെ പേര് | എസ് 001/19,<br>പദ്ധതി രൂപീകരണം |
| അടങ്കൽ | 200000 |
| ചെലവ് | 228142 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| ബിൽ നമ്പർ/<br>തീയതി | 7/18-19/19.06.18 രൂ.28200<br>19/18-19/28.09.18 രൂ.28391<br>29/18-19/28.11.18 രൂ.90748<br>40/18-19/06.02.19 രൂ.49988<br>47/18-19/28.02.19രൂ. 30815<br>ആകെ രൂ. 228142 |

2018-19 വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി രൂപീകരണം എന്ന പ്രോജക്ടിൽ വിവിധ ആവശ്യങ്ങൾക്ക് വേണ്ടി പ്രിന്റ് ചെയ്ത ഇനത്തിൽ 91200/- രൂപ അയോധ്യ ഓഫ് സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന്

നൽകിയിരുന്നു. മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(1)പ്രോജക്ട് അടങ്കൽ 200000/-രൂപയായിരുന്നുവെങ്കിലും 228142/- രൂപ ചെലവ് വന്നിട്ടുണ്ട്. അധിക ചെലവ് നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
2) മേൽ പ്രിന്റിംഗ് പ്രവൃത്തികൾക്ക് ക്വട്ടേഷൻ/ടെൻഡർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 5 ന് 229967/- രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചുവെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല. കേരള സ്റ്റോർ പർച്ചേസ് മാനുവൽ 2013 ലെ ജി.ഒ. പി3/2013 എസ്.പി.ഡി. തീ. 21.06.2013 ഖണ്ഡിക 7-33 പ്രകാരം ടെണ്ടർ നടപടി സ്വീകരിക്കേണ്ടതായിരുന്നു. ടെൻഡർ/കൊട്ടേഷൻ നടപടി സ്വീകരിക്കാതിരുന്നതിനാൽ 91200/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 വനിതാ കാന്റീനിലേയ്ക്ക് ആവശ്യമായ സാമഗ്രികൾ വാങ്ങൽ അപാകതകൾ

പറവൂർ ബ്ലോക്ക് പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കാന്റീൻ പുതിയതായി പണി പൂർത്തീകരിച്ച കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ താഴെപ്പറയുന്ന രീതിയിൽ ഫർണീച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് തുക | ട്രഷറി ബിൽ | തീയതി |
|---|---|---|---|---|---|
| 1 | എസ് 079/19 240000 | വനിത കാന്റീനിലേക്ക് ആവശ്യമായ സാമഗ്രികൾ വാങ്ങൽ | 158400<br>34600 | 44/18-19<br>53/18-19 | 19.3.2019<br>19.3.2019 |
| 2 | എസ്0056/19 263045 | വനിതാ കാന്റീനിലേക്ക് ഫർണീച്ചറും അനുബന്ധ ഉപകരണങ്ങളും-എഫ്.ഐ.ടി യിൽ നിന്നും വാങ്ങിയത് | 256666 | 11/18-19 | 27.06.2018 |
| 3 | എസ് 023/19 65420 | വനിതാ കാന്റീനിലേക്ക് ഫർണീച്ചറും അനുബന്ധ ഉപകരണങ്ങളും-എഫ്.ഐ.ടിക്ക് നൽകുവാനുള്ള ബാക്കി തുക | 64167 | 28/18-19 | 28.11.2018 |

| | | | |
|---|---|---|---|
| ആകെ | 513833 | | |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ സൂചിപ്പിച്ച എസ്0079/19 (അടങ്കൽ-240000) വനിത കാന്റീനിലേക്ക് ആവശ്യമായ സാമഗ്രികൾ വാങ്ങൽ എന്ന പ്രോജക്റ്റിൽ ഡൈനിംഗ് ടേബിൾ, ചെയർ എന്നിവ വാങ്ങുന്നതിന് ടെൻഡർ നടപടി സ്വീകരിച്ചിരുന്നു. ജി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങളിൽ നിന്നുമാണ് ടെൻഡർ ക്ഷണിച്ചത്. കാർത്തിക എന്റർപ്രൈസസ്, ഗണേഷ് ഏജൻസീസ് എന്നീ രണ്ട് സ്ഥാപനങ്ങളാണ് ടെണ്ടർ നടപടിയിൽ പങ്കെടുത്തത്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകത കാണുന്നു.

1) ഗണേഷ് ഏജൻസീസ് എന്ന സ്ഥാപനത്തിന് ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലായെന്ന് വ്യക്തമാണ്.
2) ടേബിൾ,ചെയർ എന്നിവയുടെ സ്പെസിഫിക്കേഷൻ സംബന്ധിച്ച് ടെൻഡർ നടപടിയിൽ വ്യക്തമാക്കിയിട്ടില്ല.
3) ലഭ്യമാക്കിയ ടെൻഡർ വില വിവരം അനുസരിച്ച് രണ്ട് സ്ഥാപനങ്ങളുടേയും നിരക്കിൽ കാര്യമായ വ്യത്യാസം ഇല്ല.

| ഇനം | കാർത്തിക എന്റർപ്രൈസസ് | ഗണേഷ് ഏജൻസീസ് |
|---|---|---|
| ഡൈനിംഗ് ടേബിൾ, 4 ചെയർ | 19800 | 20000 |
| വുഡൻ ക്യാഷ് കൗണ്ടർ | 34600 | 35000 |

ഡൈനിംഗ് ടേബിൾ, 4 ചെയർ ഉൾപ്പെടുന്ന ഒരു സെറ്റിന് 19800/-രൂപ നിരക്കിൽ 8 എണ്ണവും വുഡൻ ക്യാഷ് കൗണ്ടർ 34600/-രൂപ നിരക്കിലും കാർത്തിക എന്റർപ്രൈസസിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ GST രജിസ്ട്രേഷൻ നിലവിലുണ്ട് എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ആയത് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.ഗണേഷ് ഏജൻസീസ് എന്ന സ്ഥാപനത്തിന് വാങ്ങലുകൾ നടത്തുമ്പോൾ ടെൻഡർ/ക്വട്ടേഷൻ നടപടികൾ സുതാര്യമാക്കേണ്ടതാണ്.

## 3-6 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ,പ്രോജക്ടിന്റെ പേര് | എസ് 0020/19,<br>പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | രൂ. 48,50,000/- |
| ചെലവ് | രൂ. 48,00,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടിക ജാതി വികസന ഓഫിസർ |

പറവൂർ ബ്ലോക്ക് പഞ്ചായത്തിൽ 2018-19 വർഷം പട്ടിക ജാതി വികസന ഓഫിസർ നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയിൽ താഴെപ്പറയുന്ന വിദ്യാർത്ഥികളുടെ പഠനമുറി പൂർത്തീകരിച്ചതായി കാണുന്നില്ല.

| ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | കൈപ്പറ്റിയ തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| ചിത്ര എ.സി.<br>അന്തിക്കാട് വീട്<br>മടപ്ലാത്തുരുത്ത് | രൂ.200000 | രൂ. 150000 | നാലാമത്തെ സ്റ്റേജ് പൂർത്തീകരിച്ചിട്ടില്ല. |
| വിഷ്ണുദേവ് കെ.വി<br>കുറുക്കന്തറ,<br>പൂയപ്പിള്ളി | രൂ. 200000 | രൂ. 50000 | അഡ്വാൻസ് കൈപ്പറ്റി പണി തുടങ്ങിയെങ്കിലും പ്രളയത്തിന് ശേഷം വീട് താഴേക്ക് ഇരുന്നു പോയതിനാൽ പണി പൂർത്തീകരിച്ചിട്ടില്ല. |

മേൽ ഗുണഭോക്താക്കളുടെ പഠന മുറി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 പൊക്കാളി കൃഷി-അവലോകനം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പ്രോജക്റ്റിന്റെ പേര് | എസ് 004/19,<br>പൊക്കാളി കൃഷി കൂലിചെലവ്-<br>ബ്ലോക്ക് വിഹിതം നൽകൽ |
| അടങ്കൽ | 2159000 |
| ചെലവ് | 2159000 |
| ബിൽ നമ്പർ/തീയതി | 1/18-19/29.10.18 - 1700000<br>2/18-19/31.10.18 - 425000<br>3/18-19/31.10.18 - 34000<br>2159000 |

പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലെ കൃഷി പ്രധാനമായും പൊക്കാളിയാണ്.

പൊക്കാളി കൃഷി സമയബന്ധിതമായി നടത്തണമെങ്കിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നേരത്തെ തന്നെ തുടങ്ങണം. വേണ്ടത്ര തൊഴിലാളികളെ ലഭ്യമാക്കണം. പൊക്കാളി പാടശേഖരങ്ങളുടെ പുറം ബണ്ടുകൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. നിലം ഒരുക്കുന്നതിനും വിത്ത് വിതയ്ക്കുന്നതിനും ഞാറു നടീലിനും കൊയ്ത്തിനും തൊഴിലാളികളെ ഉപയോഗപ്പെടുത്തേണ്ടതുമാണ്. 2014-15 വർഷം പൊക്കാളി കൃഷിക്ക് ചെലവഴിച്ചത് 650000/- (150000 രൂപ യന്ത്രങ്ങൾ വാങ്ങുന്നതിന് വേണ്ടിയും ബാക്കി തുക കൃഷിക്കുള്ള കൂലി ചെലവ് ഇനത്തിലുമാണ്). മേൽ ചെലവുകൾ 150 ഹെക്ടർ നെൽകൃഷി വികസിപ്പിക്കുന്നതിന് വേണ്ടിയാണ് ചെലവഴിച്ചത്.

2017-18 വർഷം പൊക്കാളി കൃഷി ചെയ്യുന്നതിന് 132 ഹെക്ടർ കൃഷിഭൂമി ഉപയോഗിച്ചിരുന്നുവെന്നാണ് രേഖകളിൽ നിന്നും ലഭിച്ച വിവരം. ഇതിന് വേണ്ടി 11,16,390/-രൂപ ചെലവഴിച്ചു. വികസന രേഖ പ്രകാരം 2030 വർഷത്തിൽ കൈവരിക്കേണ്ട ലക്ഷ്യം 750 ഹെക്ടർ പൊക്കാളി കൃഷി ഉല്പാദനമാണെങ്കിലും 2018-19 വർഷം കൃഷിക്ക് ആവശ്യമായി വരുന്ന കൂലി ചെലവ് ഇനത്തിൽ മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. തൻവർഷം 127 ഹെക്ടർ കൃഷി ഭൂമിയാണ് കൃഷി നടത്തുന്നതിന് പ്രോജക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ളത്. തൻവർഷം പൊക്കാളി കൃഷിക്ക് വകയിരുത്തിയതും ചെലവഴിച്ച തുമായ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്ത് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | ഏഴിക്കര | 1700000 | 1700000 |

| | | | |
|---|---|---|---|
| 2 | കോട്ടുവള്ളി | 425000 | 425000 |
| 3 | ചിറ്റാറ്റുകര | 34000 | 34000 |

പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ബ്ലോക്ക് വിഹിതം പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക ലഭിച്ച എഴിക്കര, കോട്ടുവള്ളി, ചിറ്റാറ്റുകര എന്നീ ഗ്രാമപഞ്ചായത്തുകൾ ലഭ്യമാക്കിയ ധനവിനിയോഗ സാക്ഷ്യപത്രത്തിൽ തുക വിനിയോഗിച്ചുവെന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മേൽ പദ്ധതിയിൽ ശരിയായ രീതിയിൽ മോണിറ്ററിംഗ് നടന്നതായി കാണുന്നില്ല. തൻവർഷം പ്രോജക്ടിൽ പറഞ്ഞിരിക്കുന്ന മുഴുവൻ ഹെക്ടർ സ്ഥലം ഉപയോഗിച്ച് കൃഷി നടത്തിയതായി വ്യക്തമാക്കിയിട്ടില്ല. നെല്ല് ഉൽപാദനത്തിന്റെ അളവ് പോലും വിനിയോഗ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്നതിന് അനിവാര്യമായ രീതിയിൽ സാമ്പത്തിക സഹായം നൽകിയത് പ്രയോജനകരമായിരുന്നുവെന്ന് വിലയിരുത്തുന്നതിന് ഉല്പാദിപ്പിക്കപ്പെടുന്ന നെല്ലിന്റെ അളവ് വിനിയോഗ സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. നിലവിലുള്ള കൃഷി രീതി പ്രയോജനകരമാണെന്ന് ഉറപ്പ് വരുത്തിയതായി കാണുന്നില്ല. ഇത്തരം അപാകതകൾ പരിഹരിക്കേണ്ടതാണ്.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4–1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4–2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4–3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4–4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS- ഭവനപദ്ധതി | ജി.ഒ (MS)44/10 LSGDതീ. 08.03.2010 സ.ഉ. നം. 90/13 LSGD/14.3.13 | 11783378 | 1863040 | 1898010 | | 34970 |
| IAY- ലോൺ | | 6637500 | 6637500 | | | 6637500 |
| ആകെ | | | | | | 6602530 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-6 | 2007-08 | 3.46.1 | വനിത SHGക്ക് RF നൽകിയത് | മറുപടി സമർപ്പിച്ചിട്ടുണ്ട് |

## 4-8 ചാർജ്-സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല.

.

4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | രൂ.5,62,51,967 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | രൂ.5,89,48,493 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | രൂ.1041170 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(1) | രൂ. 35617 | ഡോ. വിനോദ് പൗലോസ്<br>മെഡിക്കൽ ഓഫീസർ, |

| | | |
|---|---|---|
| | | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ |
| 3-1 (2) | രൂ. 800000 | ഡോ. വിനോദ് പൗലോസ്<br>മെഡിക്കൽ ഓഫീസർ,<br>കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ |
| 3-3 | രൂ. 114353 | ശ്രീമതി. മഞ്ചു. പി. വാസു,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | രൂ. 91200 | ശ്രീമതി. മഞ്ചു. പി. വാസു,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 1041170/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

| | | |
|---|---|---|
| 1 | ശ്രീദേവി. കെ.ജി<br>സെക്രട്ടറി | കനിയാപറമ്പിൽ<br>ബ്രഹ്മമംഗലം<br>പിൻ. 686605 |
| 2 | മഞ്ചു പി.വാസു.<br>അസസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ചിറ്റേഴത്ത് താഴം<br>കണ്ടനാത്ത് പി.ഒ<br>പിൻ. 682305 |
| 3 | ഡോ. വിനോദ് പൗലോസ് | എടത്തനാട് വീട്,<br>മുളഞ്ഞുരുത്തി പി.ഒ,<br>പിൻ. 682314 |

.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2002-03 | കെ.എസ്.എ.-ഇ.കെ.എം (ബി.പി)1310/2019 തീ.03.10.2019 |
| 2014-15 & 2015-16 | കെ.എസ്.എ.-ഇ.കെ.എം (ബി.പി)1310/2019 തീ.03.10.2019 |
| 2017-18 | കെ.എസ്.എ.-ഇകെഎം (ബി.പി)256/2019 തീ.11.07.2019 |

.

ജോയിന്റ് ഡയറക്ടർ

## അനുബന്ധം – 1
## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 295(4),കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്തുകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

**ജോയിന്റ് ഡയറക്ടർ**

<u>2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത.</u>

2018-19 ൽ കെട്ടിടം ഇനത്തിൽ 26,49,739/- രൂപയും മറ്റ നിർമ്മാണപ്രവൃത്തികൾ എന്ന ശീർഷകത്തിൽ 51,33,155/-രൂപയും ആസ്തിയിൽ വരവ് ചേർത്തിട്ടുണ്ട്. എന്നാൽ തൻവർഷം യാതൊരു തുകയും Capital Contribution കണക്കിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല. വിവിധ പ്രോജക്ടുകളിലായി സൃഷ്ടിച്ച താഴെപ്പറയുന്ന ആസ്തികൾ Capital Contribution ൽ ചേർക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രവൃത്തി | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 46/19 | ബ്ലോക്ക് പഞ്ചായത്ത് ട്രയിനിംഗ് ഹാൾ | 14,95,359 |
| 2 | 31/19 | ഏഴിക്കര ഗവ.എൽ.പി.സ്കൂൾ ഓപ്പൺ സ്റ്റേജ് നിർമ്മാണം | 5,26,824 |
| 3 | 67/19 | ബ്ലോക്ക് പഞ്ചായത്ത് ട്രയിനിംഗ് ഹാൾ ഇലക്ട്രിഫിക്കേഷൻ, സൗണ്ട് സിസ്റ്റം ഇൻസ്റ്റലേഷൻ | 3,37,173 |
| 4 | 59/19 | ബ്ലോക്ക് പഞ്ചായത്ത് വനിതാ കന്റീൻ - ഒന്നാം ഘട്ടം | 11,54,856 |

| | | | |
|---|---|---|---|
| 5 | 41/19 | ബ്ലോക്ക് പഞ്ചായത്ത് വനിതാ കന്റീൻ - രണ്ടാം ഘട്ടം | 28,82,836 |

**ജോയിന്റ് ഡയറക്ടർ**

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **PARAVUR** Block Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting rule 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Panchayat Raj Institutions, and the instructions vide G.O.(Rt)1413/2018/LSGD dated 22/05/2018.

In my opinion the Annual Financial Statement of Paravur Block Panchayat for the year 2018-19 subject to the observations in Annexure-2, properly presents the picture of income, expenditure and closing balance.

**JOINT DIRECTOR**

## Irregularities found in the verification of accounts of Paravur Block Panchayath for the financial year 2018-19

1. It is seen that the Asset account has been debited with ₹26,49,739/-and ₹51,33,155/- in respect of Building and other construction works during the year 2018-19. But no amount was credited as capital contribution correspondingly.

Following are the major assets created by the institution by implementing various projects.

| Sl.No | Project No. | Name of Project | Amount spent |
|---|---|---|---|
| 1 | 46/19 | Construction of Block Panchayath Training hall | 14,95,359 |
| 2 | 31/19 | Construction of Open stage for Govt.L.P.School, Ezhikkara | 5,26,824 |
| 3 | 67/19 | Block Panchayath Training hall Electrification, Installation of sound system. | 3,37,173 |
| 4 | 59/19 | Construction of Block Panchayath Vanitha Canteen - First phase | 11,54,856 |
| 5 | 41/19 | Construction of Block Panchayath Vanitha Canteen - Second phase | 28,82,836 |

**JOINT DIRECTOR**